**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 865** | **26-07-2021 - ൽ മറുപടിയ്ക്ക്**

**പുതിയ ഐ.ടി.ഐ അനുവദിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കോട് മണ്ഡലത്തിൽ നിലവിൽ ഐ.ടി.ഐ ഇല്ലാത്ത സാഹചര്യത്തിൽ പുതിയ ഐ.ടി.ഐ അനുവദിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളുവാൻ സന്നദ്ധമാകുമോ; | (എ) | ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (ബി) | പുതിയ ഐ.ടി.ഐ-കൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ബി) | ഉണ്ട്. പുതിയ ഐ.ടി.ഐ ആരംഭിക്കാൻ അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ മാനദണ്ഡ പ്രകാരമുള്ള 1.07 ഏക്കർ ഭൂമി (ഏറ്റവും കുറഞ്ഞത്) ഐ.ടി.ഐ. യ്ക്ക് മാത്രമായി ലഭ്യമാക്കണം. ഐ.ടി.ഐ ആരംഭിക്കുമ്പോൾ ഏറ്റവും കുറഞ്ഞത് നാല് ട്രേഡുകളും ആയതിന്റെ എട്ട് യൂണിറ്റുകളും ആരംഭിക്കാൻ പാകത്തിലുള്ള സൗകര്യം ലഭ്യമാക്കണം. സ്വന്തമായി കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിക്കുന്നത് വരെയുള്ള ഭൗതികസാഹചര്യങ്ങളായ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും, വെള്ളം, വൈദ്യുതി, ടോയിലറ്റ്, ഫർണിച്ചർ മുതലായവയുടെ ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കാമെന്ന് രേഖാമൂലം ഉറപ്പും ലഭ്യമാക്കണം. |

സെക്ഷൻ ഓഫീസർ